# എൽ.എഫ്.എൽ.പി സ്കൂൾ

## കൊമ്പൊടിഞ്ഞാമാക്കൽ

## സമഗ്ര വിദ്യാലയ വികസന രേഖ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

ആളൂർ ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ ആളൂർ നിന്ന് മാളയ്ക്ക് പോകുന്ന വഴിയിൽ കൊമ്പൊടിഞ്ഞാമാക്കൽ സെന്ററിന് സമീപമാണ് എൽ.എഫ് .എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. സ്കൂളിന് ചുറ്റുമുള്ള പ്രദേശങ്ങളായ കുഴിക്കാട്ടുശ്ശേരി, കണ്ണിക്കര, പറമ്പിറോഡ്, ഷോളയാർ എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികളാണ് അധികവും പഠിക്കുന്നത്. ടിപ്പുവിന്റെ പടയോട്ടത്തിന് സാക്ഷ്യം വഹിച്ച് ചരിത്രത്തിന്റെ കുതിര കുളമ്പടികൾ പതിഞ്ഞ കൊമ്പൊടിഞ്ഞാമാക്കൽ ഗ്രാമഭൂമിയിൽ അക്ഷര നിറവിന്റെ ദീപസ്തംഭമായി തെളിഞ്ഞു നിന്ന് വിദ്യയുടെ പ്രകാശം ചൊരിയുന്ന നമ്മുടെ വിദ്യാലയം നവതിയുടെ നിറവിലാണ്.

## ലക്ഷ്യങ്ങൾ

1) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തി പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2) അക്കാദമിക്ക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3) ഒന്നാം ക്ലാസു മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

4) അദ്ധ്യാപനവും അദ്ധ്യയനവും രസകരമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# വിദ്യാലയ ചരിത്രം

## എൽ.എഫ്.എൽ.പി. സ്കൂൾ, കൊമ്പൊടിഞ്ഞാമാക്കൽ

അനേകായിരങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരം നൽകി നവതിയിൽ എത്തി നിൽക്കുന്ന കൊമ്പൊടിഞ്ഞാമാക്കൽ എൽ.എഫ്.എൽ.പി. സ്ക്കൂളിന്റെ ചരിത്രത്തിലേക്ക് ഒരെത്തി നോട്ടം.

1927 വരെ കൊമ്പൊടി- കുഴിക്കാട്ടുശ്ശേരി പ്രദേശങ്ങളിൽ വേണ്ടത്ര വിദ്യാഭ്യാസ സൗകര്യം ഉണ്ടായിരുന്നില്ല. ഈയവസരത്തിൽ ഇവിടെ ഒരു വിദ്യാഭ്യാസ സ്ഥാപനം എന്ന വെളിച്ചത്തിന്റെ ആശയവുമായി ബഹു. ആന്റണി പുല്ലോക്കാരൻ അച്ചൻ കടന്നു വരുന്നത്. സർവ്വ മതക്കാരും ഒത്തുചേർന്ന് യോഗത്തിൽ ഈ ആശയം നടപ്പിൽ വരുത്താൻ അച്ചനെ ചുമതലപ്പെടുത്തി. സ്ക്കൂൾ തുടങ്ങുന്നതിന് കൊച്ചി വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് അനുമതി ലഭിക്കുകയും കൊല്ല വർഷം 1102 ഇടവം 17 - ാം തിയ്യതി 166 വിദ്യാർത്ഥികളും 3 അധ്യാപകരുമായി പള്ളി വക സ്ഥലത്ത് സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചു. ശ്രീ. രാമനാഥ നായിഡു ആയിരുന്നു പ്രഥമ പ്രധാനാദ്ധ്യാപകൻ. 1971 മുതൽ 1979 വരെ തൃശൂർ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലും 1979 മുതൽ ഇരിങ്ങാലക്കുട കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുമായി പ്രവർത്തിച്ചു വരുന്നു.

ഈ പ്രദേശത്തിന്റെ സാമൂഹ്യവും സാംസ്ക്കാരികവുമായ ഉന്നമനത്തിന് ഈ സ്ക്കൂളിന്റെ സംഭാവനകൾ വളരെ വലുതാണ്. ഇവിടെ പ്രാഥമിക വിദ്യാഭ്യാസം നടത്തിയ ബഹുമുഖ പ്രതിഭകൾ ഇപ്പോൾ സമൂഹത്തിൽ ഉന്നത സ്ഥാനങ്ങൾ വഹിച്ചു വരുന്നു. ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ തുടങ്ങി അനേകർ ഈ വിദ്യാലയത്തിന്റെ സന്തതികളിൽ ചിലർ മാത്രമാണ്. സ്ക്കൂളിൽ പ്രധാന അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച ശ്രീ. എം.എസ്. ഹമീദ് ബാവ മാസ്റ്റർക്ക് ഏറ്റവും നല്ല അധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചിട്ടുള്ളത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

മാള വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട ഈ വിദ്യാലയം ഉന്നതമായ വിദ്യാഭ്യാസ നിലവാരം പുലർത്തുന്നതിനും കലാ-കായിക രംഗങ്ങളിൽ പ്രാമുഖ്യം നേടുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും അച്ചടക്കബോധം കുട്ടികളിൽ വളർത്തുന്നതിനും മുൻ പന്തിയിൽ നിൽക്കുന്നുവെന്നതിന്റെ തെളിവായിവിദ്യാഭ്യാസ ഓഫീസർമാരുടെ വാർഷിക പരിശോധന റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. കുട്ടികളുടെ പഠന വിനോദയാത്രകളും വർഷം തോറും സംഘടിപ്പിക്കാറുണ്ട്. ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഇംഗ്ലീഷ് ഭാഷാ പഠനത്തിലും പ്രത്യേകം ശ്രദ്ധ വെക്കുന്നു. കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യവും വിദ്യാലയത്തിൽ ഒരുക്കിയിട്ടുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളിൽ, ഞങ്ങളുടെ സ്ക്കൂൾ കുട്ടികൾ ഭാഗഭാക്കുകളാവുന്നുണ്ട്. നിശ്ചിത സമയങ്ങളിൽ പ്രവൃത്തി പരിചയത്തിൽ വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകി വരുന്നു. ദേശീയ ആഘോഷ ദിവസങ്ങളായ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, അധ്യാപകദിനം, സേവനദിനം, ശിശുദിനം എന്നിവയും സ്കൂൾ ദിനവും നാമഹേതുവായ ലിറ്റിൽ ഫ്ളവറിന്റെ തിരുനാളും സമുചിതമായി കൊണ്ടാടാറുണ്ട്.

2002 നവംബർ 29,30 തിയ്യതികളിൽ ഞങ്ങളുടെ വിദ്യാലയം അതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കലാ സാംസ്ക്കാരിക വിദ്യാഭ്യാസ സെമിനാറും പൂർവ്വ അധ്യാപക വിദ്യാർത്ഥി സംഗമവും വാർഷിക രക്ഷാ കർത്തൃദിനവും സംയുക്തമായി നടത്തുകയുണ്ടായി.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - 1

ഗണിതം

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും സംഖ്യാബോധം ...ട്ടികളെടുക്കുമ്പോൾ ഗണിതം പിന്നിലായി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്ന...ന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത ...വർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെ...ും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

### ലക്ഷ്യങ്ങൾ

ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.

അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.

ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂടിയാൽ നിറയ്ക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.

രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.

രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം

ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം

ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ

* ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലഘുവായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
* സംഖ്യാ കാർഡ് നിർമിക്കൽ

ജൂലായ്

* ഗണിത പഠനത്തിന് സഹായകരമായ രീതിയിൽ വസ്തുക്കൾ ഉപ ഗണിതത്തിന് തയാറാക്കുന്നു.
* സംഖ്യാ കാർഡ് തയാറാക്കുന്നു.

ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങൾ ഏർപ്പെടുന്നു.

സെപ്റ്റംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
* സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

ഒക്ടോബർ

* ഒറ്റ സംഖ്യ

* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
* ലളിത ഗണിത പ്രവർത്തനങ്ങൾ

നവംബർ

സംഖ്യാഗാനങ്ങൾ പാടുന്നു. കേൾക്കുന്നു.

ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
* ഗണിത നാടകം തയ്യാറാക്കൽ

ജനുവരി

* ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

* വില വിവരപ്പട്ടിക, ഗുണന വിവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു.
* ലളിതമായ ഗണിത കളികളിൽ ഏർപ്പെടുന്നു.
* സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# മലയാളം ക്ലാസ്സ്-1

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| വായനാശേഷി വളർത്തൽ | കുഞ്ഞുവായന<br>• ക്ലാസ്സ് ലൈബ്രറി<br>• വീട്ടിലൊരു ലൈബ്രറി<br>• അമ്മ വായന<br>• ഞാൻ വായിച്ചത് ക്ലാസ്സ് തല അവതരണം<br>• ഇന്നത്തെ വാർത്തകൾ | ജൂൺ - ജൂലൈ<br>ജൂൺ - ആഗസ്റ്റ്<br>സെപ്തംബർ - ഡിസംബർ<br>ജനുവരി - മാർച്ച് |
| ലേഖന ശേഷി പരിപോഷിപ്പിക്കൽ | മധുരം മലയാളം<br>• ലിപി പരിചയം<br>• പദവാക്യനിർമ്മാണം<br>• സംയുക്ത ഡയറി<br>• രചനോത്സവം<br>• കുഞ്ഞെഴുത്തുകൾ | ജൂൺ - ആഗസ്റ്റ്<br>സെപ്തംബർ - ഒക്ടോബർ<br>- ജൂലൈ - മാർച്ച്<br>ജനുവരി - ഫെബ്രുവരി<br>നവംബർ - മാർച്ച് |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | • വിദ്യാരംഗം<br>• സർഗ്ഗവേദി<br>• പാട്ടരങ്ങ്<br>• ദൃശ്യാവിഷ്കാരം | എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച<br>വർഷം മുഴുവൻ<br>ജനുവരി - മാർച്ച്<br>ജൂൺ - മാർച്ച്. |

# ENGLISH

## STD 1

**Aim -:** To speak, read and write in English without any mistakes.

| Activities | Month |
| --- | --- |
| **I'm Listening.....**<br>To develop listening skill the following activities will done in classroom.<br>→ Rhymes<br>→ Language games<br>→ Effective teacher talk<br>→ Stories<br>→ Understand the words Hello, thank you, Please, etc. | June |
| **I'm Reading**<br>To develop reading skill...<br>→ Small reading cards<br>→ Game -: finding the word,<br>→ Picture reading<br>→ Finding the words using the letter the teacher wo wants. | July |

| | |
|---|---|
| **I'm speaking.....**<br>→ Classroom conversations using...<br>Please... can... May I .... etc...<br>→ Self introduction in CPTA | August |
| **It's story time**<br>→ Presentation of stories<br>→ All of the students present on story in class.<br>→ Presenting story in Assembly | September |
| **Writing**<br>→ Small description about familiar objects.<br>→ Making word web<br>→ Challenging parents in CPTA for writing the description / or speaking about an object | October |
| **Conversations**<br>→ Classroom conversation.<br>→ conversation in a shop<br>→ Converstation in home | November |

Adding lines

| | |
|---|---|
| → Add two or three lines to a poem<br>→ Writes simple poems having four lines.<br>→ Publishing a book Collection of poems by std I students.<br>→ English Fest | December to March. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം ക്ലാസ് - 2

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളി
ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക
മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയു
ടെ ശേഷി വർധിപ്പിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ
തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ
നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമാ
യ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.
എല്ലാ വിഷയത്തിലും നൈപുണി നേടാൻ ഒരു
നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും
എല്ലാ തലങ്ങളിലും മികവുറ്റതായി തീരണം. ഇതാണ്
ലക്ഷ്യം

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച്
സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും
അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടേയും ആശയഗ്രഹണ
വായന ഉറപ്പാക്കുക.

ചിത്രങ്ങൾ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണ

കഥ എന്നിവ തയ്യാറാക്കുന്നു.

ഈണം താളം എന്നിവ പരിഗണിച്ച് ക

ചൊല്ലുകയും എഴുതുകയും ചെയ്യുന്നു.

മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

ജൂൺ

- ചിത്രകാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസിൽ അവസരം നൽകൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്ര വികസിപ്പിക്കൽ

ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു.

ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- ചിത്ര വിവരണം
- വായനാ തലത്തിൽ ഉയർത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാകുന്നു.

സെപ്റ്റംബർ

- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വാക്കുകൾ വാക്യങ്ങളാക്കുന്നു

ഉദാ- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ഡിസംബർ

- കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു

## ജനുവരി

- കവിതാപൂരണം - വരികൾ കൂട്ടിച്ചേർത്ത് പാടുന്നതും എഴുതുന്നതിനുമുള്ള അവസരം ഒരുക്കുന്നു
- ലഘുവിവരണം വായിക്കുന്നതിനുള്ള അവസരം

## ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തുക (ഭാഷണം, ലേഖനം, എഴുത്ത്)
- സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം

## മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
- മാഗസിൻ തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ

# Academic Master Plan

nglish (class - 2)

Aim :- To speak, Read & write English without any mistakes

Time :- June, July, August

June :-

Pretest : To develop listening skills & reading skills first

Listening skills

Games, Action songs, conversations, skit stories

Use ICT

speaking skills

Descriptions, growing sentences, picture reading picture description, self introduction, Assembly activities - speech, book review, quiz, riddles self introduction, school radio etc----

July & August

Reading skills

News paper reading, library book reading

book review, reading breaking news find words. collect and read past t... rhyming words, describing words etc.

Textbook activities

Writing Skills

make word web, picture description, word chain, sentence chain, make words & sentences make riddles, conversations, add more lines, develop story, notice proclamation diary letter Announcement magazines

October and November

To express thoughts feeling etc....

Reading skills

library book reading

conversations, skit, stories, use ICT

Writing Skills

Thoughts

Descriptions

December and January

Develop the creative speaking and writing

Reading skills

Story Reading

Writing skills

conversations

February & March

To improve the presentation power

Library books reading, conversations, skit stories,

Develop story

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം-( std 2)

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഗണിത പ്രവർത്തനത്തിലും നന്നായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം

പ്രവർത്തന ലക്ഷ്യങ്ങൾ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു (100ൽ താഴെ)

പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു.
വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടികൈവരിച്ചവ തിരിച്ചറിയാൻ പ്രവർത്തനങ്ങൾ നടത്തുന്നു

പ്രവർത്തനലക്ഷ്യം

പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു.
വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

- 1, 2, 3, 4, ------

1, 3, 5, 7, ------

10, 20, 30, 40, ------

5, 10, 15, 20, ------

2, 4, 6, 8, ------ തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യ 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകൽ

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് ഒരേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് രണ്ട് കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5=10) (10+10=20)

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
- 99നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100

100 ഒന്നുകൾ ചേർന്നാൽ 100

## സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗികതിതി വിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- പാറ്റേണുകൾ നിർമിച്ച്, പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിതബന്ധമുണ്ടെന്ന് കണ്ടെത്തൽ

• സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക
പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

• ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ
ഗണിതാലാപനം നടത്തൽ
• ഉല്ലാസ ഗണിതം materials ഉപയോഗിച്ച്
ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത
പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം
കൈവരിക്കൽ

## മാർച്ച്

• കലണ്ടർ പതിപ്പ് തയ്യാറാക്കൽ
• കലണ്ടറിൽ ചുവന്ന അക്കങ്ങളും, കറുത്ത
അക്കങ്ങളും തിരിച്ചറിവ്
• മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ
രൂപീകരിക്കൽ
• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ
കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പോലുള്ള മൂർത്ത വസ്തു ഉപയോഗിച്ച് സംഖ്യ എഴുതുന്നു
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ
- 10 രൂപ നോട്ട് + 5 രൂപ നാണയം = 15 രൂപ (കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

ഡിസംബർ

- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ Class-2

(സംയുക്ത ഡയറി)

## ആമുഖം

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ നേരനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന്, സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന്, ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിന് സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നുണ്ട്. വിവിധ നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

## ലക്ഷ്യപ്രസ്താവനകൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതുവാനും കഴിയുന്നു
* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പങ്കിടുന്നതിനുള്ള ശേഷി നേടുന്നു
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
* ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു
* അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| SRG | മെയ് അവസാനം | ക്ലാസ്ടീച്ചർ പി.ടി.എ ഹെഡ്മിസ്ട്രസ് | |
| ക്ലാസ് PTA | ജൂൺ ആദ്യ വാരം | ടീച്ചർ രക്ഷിതാക്കൾ | |
| കുട്ടികളുടെ അനുഭവങ്ങൾ ഉൾക്കൊള്ളിച്ച് ചിത്രങ്ങളോടു കൂടിയുള്ള ഡയറി | ജൂൺ - " | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| കുടുംബം- എന്ന ആശയത്തോട് ഇണങ്ങി കുട്ടികൾ ചിത്രങ്ങളോടു കൂടി ഡയറി തയ്യാറാക്കുന്നു. | ജൂലൈ - ഓഗസ്റ്റ് | രക്ഷിതാവ് ടീച്ചർ | |
| മികച്ച ഡയറി കുറിപ്പുകൾ കണ്ടെത്തുന്നു അവതരണം | ഓഗസ്റ്റ് - അവസാനം | ക്ലാസ് ടീച്ചർ | |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| സ്കൂൾ-അനുഭവങ്ങൾ ഡയറി കുറിപ്പുകളായി എഴുതുന്നു (ചിത്രത്തിന്റെ സഹായത്തോടെ) | സെപ്തംബർ-ഒക്ടോബർ | രക്ഷിതാവ് ക്ലാസ് ടീച്ചർ |
| ക്ലാസിലെ അനുഭവങ്ങൾ ഡയറി കുറിപ്പായി എഴുതുന്നു | ഒക്ടോബർ-നവംബർ | ,, |
| 'സമൂഹം'-എന്ന ആശയം ഉൾക്കൊണ്ട് കുട്ടി ഡയറി എഴുതുന്നു | നവംബർ-ഡിസംബർ | രക്ഷിതാവ്, ക്ലാസ് ടീച്ചർ |
| 'എന്റെ കേരളം' എന്ന പാഠഭാഗത്തുനിന്ന് കുട്ടിക്ക് കിട്ടിയ | ഡിസംബർ-ജനുവരി | |

## ഇംഗ്ലീഷ് - Std - II


| ലക്ഷ്യം | പ്രവർത്തനം | സമയബന്ധിത | ചുമതല | പൂർത്തി |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പരിഹാരബോധനത്തിലൂടെ മെച്ചപ്പെടുത്താനുള്ള പ്രവർത്തന പരിപാടി. | Test നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകുന്നു. | 2 മാസം | class teacher. | |
| ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ. | [illegible] പാഠത്തിലെ പദങ്ങൾ പഠിക്കുന്നു. | വർഷം മുഴുവൻ. | | |
| വായനാ ശീലം. കുട്ടികളെ നല്ല വായനക്കാരാക്കുക. | ചെറിയ പുസ്തകങ്ങൾ Reading cards എന്നിവ class ൽ വായിപ്പിക്കുന്നു. കൂടാതെ Parents ന്റെ സഹായത്തോടെ കുട്ടികൾ വായനാ ശീലങ്ങൾ കൂടുതലായി വളർത്തിയെടുക്കുന്നു. | വർഷം മുഴുവൻ | class teacher. Parents. | |

| ...വർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| ...ഗനേട്ടങ്ങൾ<br>...ശയങ്ങൾ<br>...ന്നിവ ഉൾപ്പെ...<br>...ട് സംയുക്ത<br>...യറി തയ്യാറാ<br>...ക്കുന്നു<br><br>...ഡിജിറ്റൽ ഡയറി<br>തയ്യാറാക്കുന്നു. | ഫെബ്രുവരി-<br>മാർച്ച് | ക്ലാസ് ടീച്ചർ<br>H.M<br>രക്ഷിതാവ് | PTA<br>SSK |

# ACADEMIC MASTER PLAN

## STD III

## 2025 - 2026



# English

| Aims | Activities | Duration |
| --- | --- | --- |
| study alphabets | • Pre test<br>• Writes simple words<br>• Check the vocabulary and writing skills of pupil. | June - July |
| develop Listening skills of pupil<br>develop reading skills | • Games, Action song stories, etc using ICT and teacher talks.<br>• Reading simple stories | Aug - September |
| develop writing skill of pupil.<br>study write and speak | • Copy writing for good handwriting<br>• Conversation<br>• Add more lines<br>• Make simple description about text book picture (lesson)<br>• Word chain using text book words | Octo, Nove, Dec |

| Aim | Activities | Duration |
| --- | --- | --- |
| To develop the creative speaking and reading skills | • Text book chain reading<br>• Find and underlined new words. Repeat the words several times with correct pronunciation<br>• Reading Newspaper, Story books etc..<br>• Collect and find past tense words, Rhyming words, describing words etc.. | Jan- Feb |
| To improve speaking and writing.<br>To improve the presentation power of language.<br>To speak, read and write English without any mistakes | • Complete the Story<br>• Complete the conversation<br>• Picture description<br>• Read and finds the answer of Riddles. | March |

# MATHEMATICS

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ ലഭിക്കുന്നു. | • പ്രീ ടെസ്റ്റ്<br>• ഈർക്കിലുകൾ, കമ്പുകൾ വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു | ജൂൺ, ജൂലൈ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | • സംഖ്യാ പാറ്റേണുകൾ<br>• അബാക്കസ് നിർമാണം<br>• നാണയങ്ങൾ, കളിനോട്ടുകൾ എന്നിവ ഉപയോഗിച്ചുള്ള വ്യാഖ്യാനം, പാറ്റേൺ തയ്യാറാക്കൽ | ആഗസ്റ്റ് |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.<br>എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കുക. | • മന:കണക്കുകൾ ശീലമാക്കാൻ പരിശീലിപ്പിക്കൽ<br>• നിത്യജീവിതത്തിന് കണക്കിന്റെ ഉപയോഗം ഫലപ്രദമാക്കൽ<br>• വിവിധ വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ (സംഖ്യാചെപ്പ്) | സെപ്റ്റംബർ |

# Mathematics

| ലക്ഷ്യം | പ്രവർത്തനം | കാല |
|---|---|---|
| ഗണനവസ്തുതകൾ സ്വായത്തമാക്കൽ | • ഗുണനപട്ടിക മന:പാഠമാക്കൽ<br>• മന:കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നും നേടൽ | ഒക്ടോബർ നവംബർ |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • മന:കണക്കുകൾ<br>• മഞ്ചാടിക്കളി<br>• ICT വിഭവങ്ങൾ | ഡിസംബർ ജനുവരി |
| സങ്കലനവ്യവകലന ക്രിയകൾ ഉറപ്പിക്കൽ | • മന:കണക്കുകൾ<br>• ICT വിഭവങ്ങൾ<br>• നിത്യജീവിതത്തിനാവശ്യമായ പ്രവർത്തന പരിശീലനം | ഫെബ്രുവരി മാർച്ച് |

# മലയാളം

## ലക്ഷ്യങ്ങൾ

* കവിതകളും പാട്ടുകളും ആശയം വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.
* രചനകൾ ഭാവാത്മകമായി വായിക്കുക.
* ലഘുവായ സർഗാത്മക രചനകൾ നടത്തുക.
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവ നാടകം, ചിത്രീകരണം, വീഡിയോസ് തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കുക.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുക. (വിവരണം, സംഭാഷണം
* ഭാവാത്മക വായനയ്ക്ക് പ്രാധാന്യം നൽകുക.
* കഥാവായനയിലൂടെ ആശയം ഗ്രഹിക്കുക.

# പ്രവർത്തനങ്ങൾ

## ജൂൺ - ജൂലൈ

* . നാടൻ പാട്ടുകൾ ശേഖരണം
* . പഴഞ്ചൊല്ലുകൾ ശേഖരണം.
* . കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം
* . കവിതാ ചൊല്ലൽ ശില്പശാല
* . കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
* . കടങ്കഥകൾ ശേഖരണം - പതിപ്പ്.
* . കഥയിലെ കേമൻ - കഥാകാരനെ പരിചയപ്പെടുത്തൽ.

## ആഗസ്റ്റ് - സെപ്റ്റംബർ

* . നാടക ശില്പശാല
* . റോൾ പ്ലേ അവതരണങ്ങൾ
* . ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരിക്കുക.
* . പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കുക
* . ഹരിത കർമ്മ സേനാ അംഗങ്ങളുടെ പ്രവർത്തനങ്ങൾ [illegible]
* . സ്കൂൾ പത്രം.
* . പാവനാടക അവതരണം.

[illegible]

**ഒക്ടോബർ**

*. കൃഷിയിടം സന്ദർശനം
*. കൃഷിച്ചൊല്ലുകൾ, കൃഷിപ്പാട്ടുകൾ അവതരണം
*. നാടൻ പാട്ട് ശില്പശാല
*. കുട്ടിക്കവികൾ :- കുട്ടിക്കാലത്തെ കവി അനുഭവങ്ങൾ വിവരണം, പതിപ്പ്.

**നവംബർ, ഡിസംബർ**

*. ഭാവാത്മക വായനക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ
* റോൾപ്ലേ.

**ജനുവരി, ഫെബ്രുവരി**

*. കഥാവായന
*. വിവിധ തരത്തിലുള്ള കഥകൾ അവതരിപ്പിച്ച് ആശയങ്ങൾ വ്യക്തമാക്കുന്നു.
*. ആശയാവതരണം.

# പരിസരപഠനം

## ലക്ഷ്യങ്ങൾ

* നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക.
* ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം
* പ്രകൃതി സംരക്ഷണം
* വ്യക്തി ശുചിത്വം
* ആരോഗ്യ സംരക്ഷണം
* സുരക്ഷ, ബോധവൽക്കരണം
* ഇന്ത്യ എന്ന രാജ്യത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുക.
*

| [illegible] | [illegible] | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ-യിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിച്ചെടുക്കുക [illegible] പരി-പാടി. | Test നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥിക-ളെ കണ്ടെത്തി വായനാകാർഡു-കൾ നൽകി വായിപ്പിക്കും. അക്ഷരങ്ങൾ നൽകി വാക്കുകൾ നിർമ്മിക്കും. | 2 ആഴ്ച | Teacher. | PTA |
| കുട്ടികളെ വായന-യുടെ ലോകത്തേ-ക്ക് കൊണ്ടു വരിക. | ചെറിയ കഥകൾ ചിത്രകഥ പു-സ്തകങ്ങൾ തുടങ്ങി രക്ഷിതാക്കളുടെ സഹായത്തോടെ വായിപ്പിക്കും. അത് മൂലം കുട്ടികളുടെ വായന മെച്ചപ്പെ-ടുത്തും. | വർഷം മുഴുവൻ | Teacher Parents. | PTA. |
| ഇംഗ്ലീഷ് ഭാഷാജ്ഞാനം ആഴ്ചയിൽ മൂന്ന്-ദിവസം ഇംഗ്ലീഷ് ഭാഷണം നടത്താൻ | ചെറിയ വാർത്ത-കൾ, ചെറിയ കുറി-പ്പുകൾ എന്നിവ-ഇംഗ്ലീഷിൽ വായിപ്പിക്കു. കുട്ടികളിലെ ഇംഗ്ലീഷ് ഭാഷയോടു-ള്ള താല്പര്യം വർദ്ധിപ്പിക്കുക. | വർഷം മുഴുവൻ | Teacher. | |

## പ്രവർത്തനങ്ങൾ

### ജൂൺ - ജൂലൈ

*. സസ്യങ്ങളെ തരംതിരിക്കുക.

*. പ്രകൃതി നടത്തം
(വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം, പാടങ്ങൾ)

### ആഗസ്റ്റ് - സെപ്റ്റംബർ

*. മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതി-നാവശ്യമായ പോസ്റ്ററുകൾ നിർമ്മിക്കുക.

*. വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ.

### സെപ്റ്റംബർ - ഒക്ടോബർ

*. കൈ കഴുകൽ - പരിശീലനം

*. പോസ്റ്റർ നിർമ്മാണം
(ശുചിത്വ സന്ദേശങ്ങൾ)

### നവംബർ, ഡിസംബർ

*. നമ്മുടെ ആരോഗ്യത്തിന് ആവശ്യമായ ഭക്ഷണക്രമങ്ങൾ പരിചയപ്പെടുക. പട്ടികയിലാക്കുക.

*. സുരക്ഷ സംബന്ധിച്ച വിവിധ കാര്യങ്ങൾ മനസ്സിലാക്കുക
(Demonstration)

### ജനുവരി, ഫെബ്രുവരി

*. ഇന്ത്യയുടെ പ്രതീകങ്ങൾ (ചിഹ്നം, മൃഗം, പക്ഷി etc...)
എന്നിവ തിരിച്ചറിയുക, ശേഖരിക്കുക.

# ACADEMIC MASTER PLAN

## CLASS IV

# ENGLISH

## STD : 4

**Aim -:** To speak, read, and write in English without any mistakes

| Activities | Month |
|---|---|
| <u>Describe the pictures -:</u><br>Picture description<br>Shows pictures<br>Discussion<br>Talk about the pictures.<br>Slow learners can express their idea in words | June |
| <u>Arrange the words in alphabetical order</u><br>→ Introducing dictionary<br>→ gives words<br>→ Arranging the words in alphabetical order | July to sepember |
| <u>Adds more exchanges to the conversation suitable to the context.</u><br>→ Reading Conversation<br>→ conversation is acting with friends.<br>→ Adds more exchanges to the conversation | July to September |
| <u>Identifies rhyming words from the poem</u><br>→ Plays the audio of song | |

→ Let the learner sing after the audio
→ Discussion
→ Identifies rhyming words

- Adds lines to a poem.

→ Provides opportunity to read simple poems.
→ Let them to add lines to the poem.

- Reads and understands the given stories and poems.

→ Read simple stories.
→ Tell the story they read.
→ Writes simple story.

- **English Fest**
- Magazine containing their own poems, drawings, stories.

| |
|---|
| September |
| October to December |
| January to February March. |

# മലയാളം     ക്ലാസ്സ് - 4

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| യനാശേഷി വളർത്തൽ | കുഞ്ഞുവായന | |
| | • ക്ലാസ്സ് ലൈബ്രറി ഒരുക്കൽ | ജൂൺ, ജൂലൈ |
| | • വീട്ടിലൊരു ലൈബ്രറി | ജൂലൈ, ആഗസ്റ്റ് |
| | • രചനാപരിചയ കുറിപ്പ് | സെപ്തംബർ - ഡിസംബർ |
| | • രചനാപരിചയ കുറിപ്പ് ക്ലാസ്സ് തല അവതരണം | ജനുവരി |
| | • കുഞ്ഞു കുറിപ്പുകൾ - പ്രകാശനം | ഫെബ്രുവരി |
| | • അനുദിന വാർത്തകൾ | വർഷം മുഴുവൻ |
| യനശേഷി പരിപോഷിപ്പിക്കൽ | • സർഗ്ഗാത്മക ഡയറി | വർഷം മുഴുവൻ |
| | • മധുരം മലയാളം | |
| | * ലിപി പരിചയം | ജൂൺ, ജൂലൈ, ആഗസ്റ്റ് |
| | * പദ,വാക്യ നിർമ്മാണം | സെപ്തംബർ, ഒക്ടോബർ |
| | * എന്റെ കവിത | നവംബർ - ഡിസംബർ |
| | * ഞാൻ കണ്ടത് (യാത്രാവിവരണം) | ജനുവരി- മാർച്ച് |
| ഷാ പഠനത്തിന്റെ ാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | • വിദ്യാരംഗം | എല്ലാ മാസവും അദ്യ വെള്ളിയാഴ്ച |
| | • സർഗ്ഗവേദി | വർഷം മുഴുവൻ |
| | • കാവ്യോത്സവം | ജൂൺ - മാർച്ച് |
| | • ദൃശ്യാവിഷ്കാരം | ജൂൺ - മാർച്ച് |

പഠിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ. ഗണിത പെട്ടി നിർമ്മാണം | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ജ്യാമിതിയിലൂടെ പഠിക്കാം ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ. കര ചലന ശേഷി വികാസം | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ് ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് വിപുലീകരിക്കൽ. പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | SRG ക്ലാസ് ടീച്ചർ | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - 4
ഗണിതം

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ക്ലാസ് - 4
പരിസരപഠനം

ഗണിതം class- IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | [illegible] |
| --- | --- | --- | --- | --- |
| ഗണിത പഠനം മെച്ചപ്പെടുത്തുക | ഗണിത പഠനം മെച്ചപ്പെടുത്തുന്നതിനായി കുട്ടികളുടെ വായനാശീലം വളർത്തുന്നതിനോടൊപ്പം വർദ്ധിപ്പിച്ച് കൊണ്ടുവരുന്ന വിഷയത്തിൽ വായനാ സാധ്യതകൾ നൽകുക. ഗണിത പാഠങ്ങൾ പരിചയപ്പെടുത്തുക. ചെറിയ പുസ്തകങ്ങൾ വായനയിലൂടെ പരിചയപ്പെടുത്തുക. | വർഷം മുഴുവൻ | class Teachr Parents - | |
| ഗണിത ലൈബ്രറി | കുട്ടികൾക്ക് വായിക്കാൻ പറ്റിയ ചെറിയ ഗണിത കഥകൾ കവിതകൾ തുടങ്ങിയ പുസ്തകങ്ങൾ ശേഖരിച്ച് class ലൈബ്രറി രൂപീകരിക്കുക. | വർഷം മുഴുവൻ | Teacher Parents | PTM |
| ഗണിതനിലവാരം ഉയർത്തുക | ഉല്ലാസ പാഠങ്ങൾ ഗണിതോത്സവം പുതിയ പാഠങ്ങൾ ഉപയോഗിച്ച് നിലവാരം ഉയർത്തുക. | വർഷം മുഴുവൻ | Teacher. | |

| ...കൃതി നടത്തം ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...രീക്ഷണം, ...റിവു നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ ക്ലിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ, HM, CPTA | PTA |
| ...ശാസ്ത്രമേള ...ശാസ്ത്ര പഠനം ...ത്തിലും രസക...രമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA SSA |
| ...ഭൂപടവായനാ... കേരളം, ഇന്ത്യ- ...ഭൂപട വായന | ഭൂപട വായന, ഭൂപട രചന, സൂചികാ നിർമാണം | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| ...ശാസ്ത്ര വിസ്മയ ചുമർ ...ശാസ്ത്ര പഠനം ...രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ...ശാസ്ത്രോത്സവം ...സ്ത്ര പഠനത്തി... ...ടെ നേടിയ ...റിവുകളുടെ ...പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ് ടീച്ചർ | PTA |
| ...ഡിജിറ്റൽ ആൽബം നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഡിജിറ്റൽ ആൽബം നിർമിക്കൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| | | | | |